**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1634** **10-02-2020 -ലെ മറുപടിയ്ക്ക്**

## വൈത്തിരി ഗ്രാമപഞ്ചായത്തിൽ വീട് പണിയുന്നതിനുള്ള അനുമതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ :** | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിൽ റീസർവ്വെ 126- ന്റെ സബ് ഡിവിഷനുകളിൽപ്പെട്ട സ്ഥലങ്ങളിൽ വീട് പണിയുന്നതിനായി ആരെല്ലാം പ്രസ്തുത പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) വൈത്തിരി പഞ്ചായത്തിലെ 2011 മുതലുള്ള ലഭ്യമായ രജിസ്റ്ററുകൾ പരിശോധിച്ചതിൽ റിസർവ്വെ നമ്പർ 126 ന്റെ സബ് ഡിവിഷനുകളിൽപെട്ട സ്ഥലങ്ങളിൽ വീട് പണിയുന്നതിനായി 4 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. (1) മേരി വർഗ്ഗീസ്, മോനാച്ചേരി ഹൗസ്, ചുണ്ടേൽ പി.ഒ., (2) കെ.വി. രാമചന്ദ്രൻ, മാളവിക ഹൗസ്, ചുണ്ടവയൽ, ചുണ്ടേൽ പി.ഒ., (3) ആന്റണി എം.വി., മൽപ്പാൻ ഹൗസ്, തളിപ്പുഴ, (4) ബി. സദാനന്ദൻ, എ.എസ്. വില്ല, ചുണ്ടവയൽ, ചുണ്ടേൽ പി.ഒ. |
| (ബി) കെ.വി. രാമചന്ദ്രൻ, മാളവിക, ചുണ്ടേൽ പി.ഒ. എന്ന വ്യക്തിയ്ക്ക് വീട് പണിയുന്നതിന് അനുമതി നൽകിയ സ്ഥലത്തിന്റെ റീസർവ്വെ നമ്പർ ഏതാണെന്ന് വ്യക്തമാക്കുമോ; | (ബി) 126/2 |
| (സി) ഒരു വ്യക്തിയിൽ നിന്ന് ഒരേ റീസർവ്വെയിൽപ്പെട്ട സ്ഥലം വാങ്ങിയവരിൽ ഒരാൾക്ക് വീട് പണിയാൻ അനുമതി നൽകുകയും അടുത്ത ആൾക്ക് അനുമതി നൽകാതിരിക്കുകയും ചെയ്തതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) കെ.വി. രാമചന്ദ്രൻ, മാളവിക ഹൗസ്, ചുണ്ടേൽ പി.ഒ., എന്നവർക്ക് കേരള നെൽവയൽ തണ്ണീർതട നിയമം 2008 നിലവിൽ വരുന്നതിന് മുമ്പ് ഉള്ള വീടിന് മുകൾനില പണിയുന്നതിനാണ് പെർമിറ്റ് അനുവദിച്ചത്. |

**സെക്ഷൻ ഓഫീസർ**